**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 282** **02.03.2020 - ൽ മറുപടിക്ക്.**

## മുൻഗണന പട്ടികയിലെ അനർഹർ

ചോദ്യം

**ശ്രീ.കെ.എസ്.ശബരീനാഥൻ :**

(എ) ദേശീയ ഭക്ഷ്യഭദ്രതാനിയമം 2013 പ്രകാരം തയ്യാറാക്കിയ മുൻഗണന പട്ടികയിൽ അനർഹർ കടന്നുകൂടിയെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അവരെ നീക്കം ചെയ്യുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുൻഗണനാ സാധ്യത പട്ടികയിൽ നിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തി വരുന്നു.

പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.

താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും

അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇതിന് ആനുപാതികമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു.

ആയിരം ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീട്, നാലുചക്രവാഹനങ്ങൾ തുടങ്ങിയ മുൻഗണനാ ഒഴിവാക്കൽ ഘടകങ്ങളിൽപ്പെട്ട് മുൻഗണനയിൽ നിന്നും ഒഴിവായിപ്പോയിട്ടുള്ള കുടുംബങ്ങളിൽ ആർക്കെങ്കിലും മാരകരോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി ഹൃദയമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവയിലേതെങ്കിലും ഉണ്ടെങ്കിൽ ടി കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്.

കൂടാതെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ഗുരുതരരോഗബാധിതർ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് മുൻഗണനാ വിഭാഗത്തിനുള്ളതുപോലുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി 'സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

അനർഹമായി റേഷൻ സാധനങ്ങൾ വാങ്ങിയവരിൽ നിന്ന് കമ്പോള നിരക്കിൽ 2020 ജനുവരി മാസം വരെ 1.49 കോടി രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

**(ബി)** ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരെയും സ്വന്തമായി നാലുചക്രവാഹനം ഉള്ളവരെയും മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്തപ്പോൾ അതിൽ പ്രത്യേക പരിഗണന അർഹിക്കുന്ന ക്യാൻസർ രോഗികൾ അടക്കമുള്ളവർ ഒഴിവായി എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ ഇനിയും അനർഹർ കടന്നു കൂടിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഇത്തരക്കാരെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) മൂന്ന് മാസത്തിലധികം റേഷൻ വാങ്ങാത്ത മുൻഗണനാ പട്ടികയിൽപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനു മുമ്പ് പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) റേഷൻ സാധനങ്ങൾ വാങ്ങിയ അനർഹരിൽ നിന്നും കമ്പോള വില ഈടാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എന്ത് തുക ഈടാക്കിയെന്ന് അറിയിക്കാമോ?

**സെക്ഷൻ ഓഫീസർ**